പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3075 — 10/03/2017 ൽ മറുപടിയ്ക്ക്

## റാന്നി താലൂക്കിൽ റീസർവ്വെ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റാന്നി താലൂക്കിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വെ പൂർത്തിയാക്കാനുള്ളത് എന്ന് അറിയിക്കുമോ; ഓരോ വില്ലേജിലേയും റീസർവ്വെ നടപടികൾ എവിടം വരെയായി എന്ന് വിശദമാക്കാമോ; ഓരോ വില്ലേജിലും റീസർവ്വെ നടപടികൾ പൂർത്തിയാക്കാൻ എന്തൊക്കെ തടസ്സങ്ങളാണ് നേരിടുന്നത്; | (എ) റാന്നി താലൂക്കിൽ, റാന്നി, അത്തിക്കയം, ചെതക്കൽ, കൊല്ലമൂല, പെരിനാട് എന്നീ വില്ലേജുകളിലാണ് റീസർവ്വേ പൂർത്തിയാക്കാനുള്ളത്. റാന്നി താലൂക്കിലെ വില്ലേജുകളുടെ റീസർവ്വേ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു. സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷക്കാലം റീസർവ്വേ പ്രവർത്തനങ്ങൾ സർക്കാർ ഭൂമിയിൽ മാത്രമായി നിജപ്പെടുത്തിയിരുന്നതും, എൽ.ആർ.എം, സ്പെഷ്യൽ സർവ്വേ പ്രവർത്തനങ്ങൾ മുതലായവയ്ക്കായി റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും ജീവനക്കാരെ നിയോഗിക്കേണ്ടി വന്നതിനാലും റീസർവ്വേ നടപടികളിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ബി) തടസ്സങ്ങൾ പരിഹരിച്ച് റീസർവ്വെ നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഓരോ വില്ലേജിലേയും റീസർവ്വെ നടപടികൾ എന്ന് പൂർത്തിയാക്കാനാവും എന്ന് വ്യക്തമാക്കുമോ? | (ബി) 24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച സാഹചര്യത്തിൽ റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ് (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ